9607
9/10/20

കേരള സർക്കാർ

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിതനിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി സ്റ്റേറ്റ് പ്രോജക്ട് മാനേജർ ആവശ്യപ്പെട്ട 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

ജി.ഒ (എം.എസ്) നം. 27/2020/ഡിഎംഡി തിരുവനന്തപുരം, തീയതി, 01.10.2020

---

പരാമർശം : 1. 02.11.2019 തീയതിയിലെ എൻ.സി.ആർ.എം.പി സ്റ്റേറ്റ് പ്രോജക്ട് മാനേജരുടെ എൻ.സി.ആർ.എം.പി/എസ്.പി.ഐ.യു/047/2016 നമ്പർ കത്ത്.

2. 30.09.2020 ലെ മന്ത്രിസഭായോഗ തീരുമാനം (ഇനം നം. 4235)

**ഉത്തരവ്**

ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിതനിധി രൂപീകരിക്കുന്നതിനായി 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (1) കത്തുപ്രകാരം എൻ.സി.ആർ.എം.പി സ്റ്റേറ്റ് പ്രോജക്ട് മാനേജർ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു.

സുനാമി പുനരധിവാസ ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചതു മൂലം പലിശ ഇനത്തിൽ ലഭിക്കുന്ന തുക ടി.ആർ.പി പദ്ധതി നിർവ്വഹണ യൂണിറ്റുകളുടെ ഭരണ ചെലവിലുണ്ടാകുന്ന വർദ്ധന, സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ എന്നിവയുടെ ബന്ധപ്പെട്ട പ്രവൃത്തികൾ, ടി.ആർ.പി യുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ശിലാസ്ഥാപനം, ഉദ്ഘാടനം തുടങ്ങിയ ചടങ്ങുകളുടെ ചെലവുകൾ എന്നിവയ്ക്ക് വിനിയോഗിച്ചു പോരുന്നുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിതനിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി സ്റ്റേറ്റ് പ്രോജക്ട് മാനേജർ ആവശ്യപ്പെട്ട 3.2 കോടി രൂപ

സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. എ. ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുനവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.4235)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂ ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-09-2020

ഫയൽ നം. ഡിഎം.ബി1/150/2019/ഡി.എം.ഡി. ഇനം നം: 4235

വിഷയം : ദുരന്ത നിവാരണ വകുപ്പ് - ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി. സ്റ്റേറ്റ് പ്രോജക്ട് മാനേജർ ആവശ്യപ്പെട്ട 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്.

<u>**കേരള സർക്കാർ**</u>

<u>**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**</u>

<u>**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**</u>

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.ബി1/150/2019/ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (ബി) വകുപ്പ് |
| 3. | വിഷയം | ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി, സ്റ്റേറ്റ് പ്രോജക്ട് മാനേജർ ആവശ്യപ്പെട്ട 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.08.2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സാജു എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. എ.ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 15.09.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.09.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.ഇ.ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.09.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.09.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയ കേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി ആവശ്യപ്പെട്ട 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശയിനത്തിൽ നിന്നും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിച്ചിട്ടുള്ളത്.

2. ഒറീസ സർക്കാരിന്റെ 'ഉത്തമ പ്രവൃത്തികൾ' മാതൃകയാക്കി കൊണ്ട് ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പരിപാലനത്തിനായി സഞ്ചിതനിധിയുടെ രൂപീകരണം അനിവാര്യമാണ് എന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റി കേരള സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത്തരം ഒരു നിധി രൂപീകരിച്ചില്ലെങ്കിൽ ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പരിപാലനം യഥാസമയം നടക്കാതിരിക്കുകയും 1980-കളിൽ യൂറോപ്യൻ കമ്മീഷൻ സഹായത്തോടെ നിർമ്മിച്ച ഇത്തരം കേന്ദ്രങ്ങൾ വെറും പത്തു വർഷത്തിനുള്ളിൽ ഉപയോഗ ശൂന്യമായതു പോലെ ഇവയും ഉപയോഗ ശൂന്യമാകുമെന്നും, ആയതിനാൽ ഓരോ കെട്ടിടത്തിനും ചുരുങ്ങിയത് 20 ലക്ഷം രൂപയുടെ സഞ്ചിത നിധി അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ പേരിൽ ദേശസാൽകൃത ബാങ്കുകളിലോ ട്രഷറിയിലോ 5 വർഷ ദീർഘകാല നിക്ഷേപം ആക്കണമെന്നും ഈ തുകയുടെ പലിശ അതാത് ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പരിപാലന കമ്മിറ്റിക്ക് ആവശ്യാനുസരണം ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് അനുവദിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിൽ ഇത്തരം 14 അഭയകേന്ദ്രങ്ങൾ നിർമ്മാണത്തിൽ ഇരിക്കുന്നതായും രണ്ടെണ്ണം കൂടി നിർമ്മിക്കാൻ സാദ്ധ്യതയുള്ളതായും അപ്രകാരം ഒരു കേന്ദ്രത്തിന് 20 ലക്ഷം രൂപ നിരക്കിൽ 16 കേന്ദ്രങ്ങളുടെ സഞ്ചിത നിധിയുടെ ചെലവിലേക്കായി ആവശ്യമായ 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിക്കണമെന്നും സ്റ്റേറ്റ് പ്രോജക്ട് മാനേജർ അറിയിച്ചിട്ടുണ്ട്.

3. സുനാമി പുനരധിവാസ പദ്ധതിയിലേക്ക് അധിക കേന്ദ്ര സഹായമായി 1148 കോടി രൂപ ലഭിച്ചതിൽ 1146.62 കോടി രൂപ, 27 പദ്ധതി നിർവ്വഹണ യൂണിറ്റുകൾക്കായി നൽകിയിരുന്നു. നിലവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം സുനാമി പുനരധിവാസ പദ്ധതിയുടെ അക്കൗണ്ടിൽ 30.73 കോടി രൂപ ഉണ്ട്. രേഖകൾ പരിശോധിച്ചതിൽ നിന്നും ആയതിൽ 1.37 കോടി രൂപ മുതലും, പലിശയിനത്തിൽ 29.35 കോടി രൂപയും ലഭ്യമാണെന്ന് കാണാവുന്നതാണ്. ടി തുകയിൽ ഏകദേശം 3 കോടി രൂപ കൂടി LAR കേസിൽ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. ബാക്കി മുതലും പലിശയും ചേർത്ത് ഏകദേശം 27 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ അക്കൗണ്ടിൽ അവശേഷിക്കും. ടി പദ്ധതിയുടെ ഓഡിറ്റ് പുരോഗമിച്ച് വരികയാണ്. 2014 വരെയുള്ള കണക്കുകളുടെ ഓഡിറ്റിന്റെ രണ്ടാം ഘട്ടം പൂർത്തീകരിച്ചു. ഇനിയും ടി ഓഡിറ്റിന്റെ മൂന്നും അന്തിമഘട്ടവും 2014 മുതൽ നാൾ വരെയുള്ള ഓഡിറ്റും പൂർത്തീകരിച്ചാലേ പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് അക്കൗണ്ടന്റ് ജനറലിന് ഓഡിറ്റ് റിപ്പോർട്ട് നൽകാനാവുകയുള്ളൂ.

4. സുനാമി പുനരധിവാസ ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചതു മൂലം പലിശ ഇനത്തിൽ ലഭിക്കുന്ന തുക ടി.ആർ.പി പദ്ധതി നിർവ്വഹണ യൂണിറ്റുകളുടെ ഭരണ ചെലവിലുണ്ടാകുന്ന വർദ്ധന, സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ എന്നിവയുടെ ബന്ധപ്പെട്ട പ്രവൃത്തികൾ, ടി.ആർ.പി യുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ശിലാസ്ഥാപനം, ഉദ്ഘാടനം തുടങ്ങിയ ചടങ്ങുകളുടെ ചെലവുകൾ എന്നിവയ്ക്ക് വിനിയോഗിച്ച് പോരുന്നുണ്ട്.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി, സ്റ്റേറ്റ് പ്രോജക്ട് മാനേജർ ആവശ്യപ്പെട്ട 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു."

6. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി, സ്റ്റേറ്റ് പ്രോജക്റ്റ് മാനേജർ ആവശ്യപ്പെട്ട പ്രകാരം 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്ന വിഷയം മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനമെടുക്കേണ്ട വിഷയം

ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി, സ്റ്റേറ്റ് പ്രോജക്റ്റ് മാനേജർ ആവശ്യപ്പെട്ട പ്രകാരം 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിക്കാവുന്നതാണോ?

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.ബി1/150/2019/ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (ബി) വകുപ്പ് |
| 3. | വിഷയം | ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി, സ്റ്റേറ്റ് പ്രോജക്ട് മാനേജർ ആവശ്യപ്പെട്ട 3.2 കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.08.2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സാജു എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. എ.ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 15.09.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.09.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.ഇ.ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.09.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.09.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# GOVERNMENT OF KERALA
## (Shri. PINARAYI VIJAYAN MINISTRY)
### NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. | File No. | DMB1/150/2019-DMD |
| 2. | Department | Disaster Management (B) Department |
| 3. | Subject | Allocation of Rs. 3.2 Crore from the interest amount of the Tsunami Rehabilitation Project for setting up a corpus fund for the maintenance of relief shelters to be constructed under the National Cyclone Risk Mitigation Project as requested by the State Project Manager, NCRMP. |
| 4. | Date of Chief Minister's order for placing before the council | 26.08.2020 |
| 5. | (i) Does the case involve financial commitments/implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Additional Secretary who submitted the Draft Note | Shri. Saju S. |
| 8 | Name of Principal Secretary who approved the Draft Note | Dr.A. Jayathilak |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 15.09.2020 |
| 10 | Name of Chief Secretary who approved the Draft Note | Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 28.09.2020 |
| 12 | Name of Minister who approved the Draft Note | Shri.E.Chandrashekharan |
| 13 | Date of approval of the Draft Note for the Council by the Minister | 28.09.2020 |
| 14 | Date of submission of fair copies | 29.09.2020 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O./Letter communicating the decision. | |

## Note for the Council of Ministers

This note deals with the allocation of Rs.3.2 crore from the interest amount of the Tsunami Rehabilitation Project for setting up a Corpus fund for the maintenance of relief shelters to be constructed under the National Cyclone Risk Mitigation Project (NCRMP) as requested by the State Project Manager, NCRMP.

2. The National Disaster Management Authority (NDMA) has informed Government of Kerala that it is necessary to set up a Corpus fund for the maintenance of relief centres being set up with the financial assistance of the Disaster Management Authority, following the 'best practices' of the Government of Orissa. If such a fund is not created, the maintenance of relief centres could not be done properly over the time and these would become useless within 10 years like those centres built with the help of the European Commission in the 1980s. Hence it is suggested that a corpus fund of Rs.20 Lakh for each building be created by the District Disaster Management Authorities as long term Deposits for a period of five years in Nationalised banks or Treasuries so that the interest from that Account could be allotted to the relief centres

according to their needs. The State Project Manager, NCRMP has informed that there are 14 shelters are under construction in Kerala and proposed to construct two more shelters also and therefore suggested to release an amount of Rs.3.2 Cr from the interest portion of the Tsunami Rehabilitation Project for the creation of the Corpus fund for the 16 shelters at Rs. 20 lakh each.

3. Out of the additional central assistance of Rs. 1148 crore for Tsunami Rehabilitation Project, Rs. 1146.62 crore was provided for 27 project implementation units. As per the current bank statement, there is Rs. 30.73 crore in the account of the Tsunami Rehabilitation Project. From the documents, it is seen that an amount of Rs. 1.37 crore as principal and Rs. 29.35 crore as interest is available in the account. From this an amount of Rs. 3 crore has been ordered to be disbursed in the LAR cases. Thus about Rs. 27 crore will be left in the Account of the Tsunami Rehabilitation Project as Principal and Interest. The audit of the project is underway. The second phase of the audit of accounts up to 2014 has been completed. Only after the completion of the third and final phase of the audit and the audit from 2014 till date, the audit report could be submitted to the Accountant General.

4. The interest earned on the Tsunami Rehabilitation Fund deposited in the Bank can be used to cover the increase in administrative costs of TRP project management units, the works related to schools, hospitals and Anganwadis, stone laying and inauguration of works related to TRP etc.

5. When consulted the Finance Department has remarked as below :-

"ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ദുരിതാശ്വാസ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായുള്ള സഞ്ചിത നിധി രൂപീകരിക്കുന്നതിനായി എൻ.സി.ആർ.എം.പി, സ്റ്റേറ്റ് പ്രോജക്ട് മാനേജർ ആവശ്യപ്പെട്ട *3.2* കോടി രൂപ സുനാമി പുനരധിവാസ പദ്ധതിയുടെ പലിശ തുകയിൽ നിന്നും മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു."

6. When submitted the request of the State Project Manager, NCRMP for the release of Rs. 3.2 Cr from the interest portion of the Tsunami Rehabilitation Project, for the creation of a Corpus Fund for the maintenance of Cyclone relief shelters being constructed as part of the National Cyclone Risk Mitigation Project, the Hon'ble CM has ordered to place the matter before the Council of Ministers for approval.

## **Point for decision**

Whether approval may be given to release an amount of Rs. 3.2 Cr from the interest portion of Tsunami Rehabilitation Project for the creation of Corpus Fund for the maintenance of Cyclone relief shelters being constructed as part of the National Cyclone Risk Mitigation Project, as requested by the State Project Manager, NCRMP?